(ബി) എങ്കിൽ ഇതിന് ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) മൊത്തം എത്ര വൃക്ഷത്തൈയാണ് നട്ടുപിടിപ്പിച്ചിരുന്നത് എന്നും ഇതിൽ ഇപ്പോൾ എത്ര എണ്ണം നിലനിൽക്കുന്നുണ്ട് എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 46,89,285 രൂപ.

(സി) വിവിധ ഇനങ്ങളിലായി 4,32,735 വൃക്ഷത്തൈകൾ നടുന്നതിനും പരിപാലിക്കുന്നതിനും വിവിധ പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എത്രയെണ്ണം നട്ടുപിടിപ്പിച്ചിട്ടുണ്ട് എന്നും എത്രയെണ്ണം നിലനിൽക്കുന്നുണ്ട് എന്നും സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ലീഗൽ സർവ്വീസ് അതോറിറ്റികൾ

18 [1428] ശ്രീ. കെ. വി. മാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസ് അതോറിറ്റി നിയമത്തിന്റെ ചട്ടപ്രകാരം സംസ്ഥാനത്ത് താലൂക്കടിസ്ഥാനത്തിൽ ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അതോറിറ്റികൾ രൂപീകരിക്കുവാൻ താമസം നേരിടുന്നതെന്ന് വിശദമാക്കുമോ;

(സി) അതോറിറ്റിയിലെ ഒഴിവുകൾ നിയമവകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണമെന്ന ചട്ടം നിലനിൽക്കെ, ജുഡീഷ്യറിയിൽ നിന്നും നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ;

ഉത്തരം

(എ) താലൂക്കടിസ്ഥാനത്തിലുള്ള ലീഗൽ സർവ്വീസസ് സ്ഥാപനത്തിന്റെ പേര് ലീഗൽ സർവ്വീസസ് കമ്മിറ്റി എന്നാണ്. അവ താലൂക്കടിസ്ഥാനത്തിൽ ഓരോ താലൂക്കിലും രൂപീകരിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) നിലവിലുള്ള ചട്ടം അനുസരിച്ച് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ വിവിധ തസ്തികകളിലേക്ക് നിയമ വകുപ്പിന് പുറമേ ജുഡീഷ്യൽ സർവ്വീസ്, ധനകാര്യ വകുപ്പ്, കേരള ഹൈക്കോർട്ട് സർവ്വീസ്,

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ് എന്നിവയിൽ നിന്നുകൂടി ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. 1998-ലെ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. †

കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകൾ

19 [1429] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാർ നടയിൽ ചെയ്തിട്ടുള്ള സർവ്വീസ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ;

(സി) സർവ്വീസ് സംബന്ധമായ തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കാത്തതുമൂലം സർക്കാരിന് ഭീമമായ നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ പ്രത്യേക കോടതി സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഹൈക്കോടതിയിൽ 1,42,501 കേസുകൾ 2-7-2004 വരെയും കീഴ്കോടതികളിൽ 6,66,197 കേസുകൾ 30-6-2004 വരെയും തീർപ്പാകാതെ ഉണ്ട്.

(ബി) സർക്കാർ ജീവനക്കാർ സർവ്വീസ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 2-7-2004 വരെ 12,156 കേസുകൾ നടയിൽ ചെയ്തിട്ടുണ്ട്.

(സി) നിയമവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

സ്റ്റാറ്റ്യൂട്ടറി റൂളുകളും ഓർഡറുകളും

20 [1430] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് എത്ര സ്റ്റാറ്റ്യൂട്ടറി റൂളുകളും ഓർഡറുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ബി) ഇവയിൽ എത്ര എണ്ണം മേശപ്പുറത്ത് വച്ചിട്ടുണ്ട്; എത്ര എണ്ണം മേശപ്പുറത്ത് വയ്ക്കാനുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly